**കേരള സർക്കാർ**

116 / ഡി.എ 1 /2020/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:03.04.2020

**<u>പരിപത്രം</u>**

വിഷയം:തദ്ദേശസ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണം 2020-21 -വിവിധ ശീർഷകങ്ങളിൽ ധനകാര്യ വകുപ്പ് അനുവദിച്ച ഔന്നാം ഗഡു ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 31.03.2020 ലെ 59/20/സസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2020-21 ലെ ബഡ്ജറ്റ് പ്രകാരമുള്ള തുകയിൽ നിന്ന് വിവിധ ശീർഷകങ്ങളിലായി ധനകാര്യ വകുപ്പ് ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്.ജനറൽ ,എസ്.സി.പി,റ്റി.എസ്.പി വിഹിതമായി വികസനഫണ്ട് 1646,28,35,100/- രൂപയും മെയിന്റനൻസ് ഗ്രാന്റായി (റോഡ്,റോഡിതരം) 981,27,47,700/-രൂപയും പൊതു ആവശ്യ ഫണ്ട്/പരമ്പരാഗത ചുമതലയ്ക്കായി 138,29,88,400/- രൂപയും ആണ് ഒന്നാം ഗഡു ആയി അനുവദിച്ചിട്ടുള്ളത്.

ഈ തുക ഉപയോഗിച്ച് താഴെ പറയുന്ന ഗണത്തിൽ പെടുന്ന പ്രോജക്ടുകളിൽ തുക നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1. 2019-20 ലെ പെന്റിംഗ് ബില്ലുകളുടെ തുക (ഏപ്രിൽ 18 വരെ സമർപ്പിക്കുന്നതുൾപ്പടെ)
2. നടപ്പ് വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളിലെ ബിൽ തുക.
3. പരാമർശിത ഉത്തരവ് പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള ബില്ലുകൾ .
4. കൊവിഡ്-19 ന്റെ പ്രതിരോധ /പരിരക്ഷ പ്രവർത്തനങ്ങൾക്കും ഈ തുക മറ്റുത്തരവുകൾ പ്രകാരം ഉപയോഗിക്കാവുന്നതാണ്.
5. 2020-21 ലെ വാർഷിക പദ്ധതിയിൽ ഉൾപെടുത്തിയിട്ടുള്ള അംഗീകാരം ലഭിച്ച പുതിയ പ്രോജക്ടുകൾ നടക്കുമ്പോഴുള്ള ബിൽ തുക.

കൊവിഡ്-19 മൂലമുള്ള പ്രത്യേക സാഹചര്യത്തിലും ഈ തുക ഉപയോഗിച്ച് ബില്ലുകൾ മാറി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

**ശാരദ മുരളീധരൻ**
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
3. സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ,കൊച്ചി)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
5. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
8. കൺവീനർ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.

പകർപ്പ് :

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ